"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ട്രിഡയുമായുള്ള വാടക കരാർ പുതുക്കുന്നത് - 05.08.2025-ലെ സ.ഉ.(സാധാ) നം.1930/2025/തസ്വഭവ-ഭേദഗതി ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

G.O.(Rt) No.2551/2025/LSGD തീയതി,തിരുവനന്തപുരം, 22-10-2025

---

പരാമർശം:- 1. 05.08.2025 ലെ സ.ഉ.(സാധാ) നം.1930/2025/തസ്വഭവ

2. തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ 09.10.2025-ലെ എ1/154/2025/ഒബിഡിഎൻ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ കാര്യാലയത്തിനായി 0-3, 0-4 എന്ന ഓഫീസ് സ്പെയിസിന്റെ വാടക കരാർ 29.10.2022 മുതൽ വാടക വർദ്ധനവായ മൂന്ന് വർഷത്തിലൊരിക്കൽ 15% വർദ്ധനവ് എന്ന നിരക്കിൽ (2022-2025) (2025-2028) എന്നീ വർഷത്തേക്ക് വാടക വർദ്ധനവ് വരുത്തി കരാർ പുതുക്കുന്നതിനും, പുതുക്കിയ നിരക്കിൽ ട്രിഡയുമായി കരാറിൽ ഏർപ്പെടുന്നതിനും തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിക്ക് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

(2) എന്നാൽ ട്രിഡയുമായി 2019-ൽ ഏർപ്പെട്ട വാടക കരാർ 27.10.2022-ൽ അവസാനിച്ചതിനാൽ 28.10.2022 മുതലാണ് പുതിയ കരാറിൽ ഏർപ്പെടേണ്ടിയിരുന്നതെന്നും, ഈ സാഹചര്യത്തിൽ 05-08-2025-ലെ ഉത്തരവിൽ '29.10.2022' എന്ന് പ്രതിപാദിച്ചിട്ടുള്ളത് '28.10.2022' എന്ന് ഭേദഗതി ചെയ്ത് നൽകണമെന്ന് തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി പരാമർശം (2) കത്ത് മുഖേന അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക (2) ൽ '29.10.2022' എന്ന് പ്രതിപാദിച്ചിട്ടുള്ളത് '28.10.2022' എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(4) മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

JOINT SECRETARY

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം.

സെക്രട്ടറി, ട്രിഡ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA4/154/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 22-10-2025 15:30:16